# WEEK -2

# Weekly Devotions - December 2016

# The rod of Lord's Mouth

## (യഹോവയുടെ വായ് എന്ന വടി)




ഒരിക്കൽ ഒരു ദൈവദാസൻ തന്റെ പിതാവിന്റെ പ്രാർത്ഥനയെപ്പറ്റി പറയുകയുണ്ടായി. വളരെ വർഷങ്ങൾക്കു മുമ്പ് ഇലക്ട്രിസിറ്റി അദ്ദേഹത്തിന്റെ ഗ്രാമത്തിലെത്തുമ്പോൾ, അദ്ദേഹത്തിന്റെ പിതാവും അപേക്ഷ നല്കി. ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർ അപേക്ഷിച്ചവരുടെ വീടുകളിൽ എത്തി പണികൾ ആരംഭിച്ചു. ഈ ദൈവദാസന്റെ പിതാവു നൽകിയ അപേക്ഷ അനിസരിച്ച് കാക്കി ഇട്ടവർ അവിടെ എത്തി. വീട്ടിൽ സന്തോഷമായി എങ്കിലും പെട്ടെന്ന് ആ സന്തോഷം നിലച്ചു, കാരണം അടുത്ത പറമ്പിലെ റബറുകമ്പുകൾ കാക്കിയുടുപ്പുകാർ കോതിയതിനാൽ അയൽവാസിയുടെ കാതടപ്പിക്കുന്ന വാക്കുകളായിരുന്നു. ഞങ്ങൾ ആൺ മക്കൾ പുറത്തിറങ്ങി എങ്കിലും അപ്പച്ചൻ വിലക്കി എന്നും, അപ്പച്ചൻ കണ്ണുനീരോടെ ആ മനുഷ്യനെ ശിക്ഷിക്കരുതേ എന്ന് പ്രാർത്ഥിച്ചു എന്നും ആ മകൻ ദീർഘനിശ്വാസത്തോടെയാണ് പറഞ്ഞത്.

രണ്ടു ദിവസത്തിനുള്ളിൽ ഒരു കാറ്റ്, അതേ യഹോവ അയച്ചത് എന്ന് വ്യക്തം, ആ ദേശത്ത് ആഞ്ഞടിച്ചു. ഗ്രാമവാസികൾക്ക് ചില്ലറ നഷ്ടങ്ങൾ സംഭവിച്ചപ്പോൾ തന്റെ പിതാവിനെ അസഭ്യം പറഞ്ഞവന്റെ ഒരു റബറിന്റെ വേരുപോലും ഭൂമിയിൽ നിർത്താതെ മുഴുവനും ദൈവം പിഴുതു കളഞ്ഞു. അന്ന് എന്റെ അപ്പൻ വായിച്ച വേദഭാഗം ഇന്നും ഞാൻ ഓർക്കുന്നു. യെശ(11:4). "തന്റെ വായ് എന്ന വടി കൊണ്ട് യഹോവ ഭൂമിയെ അടിക്കുന്നു".ഇന്നും തനിക്കത് മറക്കുവാൻ കഴിയുന്നില്ല എന്ന് പറയുമ്പോൾ യഹോവയുടെ വായ് എന്ന വടി എത്ര ഭയങ്കരം എന്ന് ചിന്തിക്കുക.

യഹോവയുടെ വചനം നിന്ദിച്ചു കളഞ്ഞ ജനത്തിന്റെ മേലാണ് യഹോവ യുടെ കോപം ജ്വലിക്കുന്നത് എന്ന് യെശ:(5:25)ൽ കാണുന്നു. യിരെ:(32:33)ൽ 'ഞാൻ ഉപദേശിച്ച് പഠിപ്പിച്ചിട്ടും ഉപദേശം കൈക്കൊള്ളുവാൻ മനസ്സില്ലാതെ അവർ മുഖ മല്ല പുറമത്രേ എങ്കലേക്ക് തിരിച്ചത് എന്ന് ദു:ഖത്തോടെ പറയുന്ന വാക്കുകളെ ശ്രദ്ധി ക്കുക. അവന്റെ വായ് എന്ന വടി എന്നും




അധരങ്ങളുടെ ശ്വാസം എന്നും (യെശ11:4) ഇരുവായ്ത്തലയുള്ള മൂർച്ചയുള്ള വാൾ വെളി(1:16), വായിൽ നിന്ന് തീ പുറപ്പെട്ട് ദഹിപ്പിച്ചു(സങ്കീ:18:8) എന്ന് പറയുന്നതും കാണാം. എന്നാൽ ഇവ ഒന്നും ആക്ഷരീകമായി വടിയോ,വാളോ, ശ്വാസമോ, തീയോ ഒന്നുമല്ല, അത് ഭൂമിയുടെ മേലും, വ്യക്തികളുടെ മേലും വരുന്ന ന്യായവിധി യാണ്.

തെറ്റ് ചെയ്തവനെ ശിക്ഷിക്കുമ്പോഴും അനുതപിക്കുന്നവനോട് ക്ഷമി ക്കുന്നവനുമാണ് യഹോവ. (1ദിന:21ൽ)ദാവീദിന്റെ ജീവിതം ഇതിനുദാഹരണമാണ്. സാത്താന്റെ പ്രേരണയാൽ തന്റെ ജനത്തെ എണ്ണുവാൻ കല്പിച്ച ദാവീദിന്റെ തീരു മാനം മൂലം ദൈവം കോപിച്ചു. തന്റെ മകനെ ഫെലിസ്ത്യരുടെ നടുവിൽ മാനിച്ചത് അവൻ മറന്നതാണ് യഹോവയുടെ കോപത്തിനു കാരണം. തന്റെ വായ് എന്ന വടി അവനു നേരെ ഉയർന്നു. വിവരവുമായി യഹോവ ഗാദിനെ അയച്ചു. മൂന്ന് ശിക്ഷ കളാണ് യഹോവ അവന്റെ മുമ്പാകെ വച്ചത്. തെറ്റ് ആരു ചെയ്താലും ശിക്ഷയു ണ്ട്. മൂന്ന് ശിക്ഷകളിൽ ഒന്ന് ദാവീദിന് സ്വീകരിക്കാം (1 ദിന:21:12)

1. മൂന്ന് സംവത്സരം ദേശത്ത് ക്ഷാമം
2. മൂന്ന് മാസം ശത്രുവിന്റെ വാളാലുള്ള സംഹാരം
3. മൂന്ന് ദിവസം യഹോവയുടെ വാളായ മഹാമാരി.

ദാവീദ് യഹോവയുടെ കയ്യിൽ വീഴുവാൻ തീരുമാനിക്കുകയും, അതോ ടൊപ്പം പാപക്ഷമക്കായി നിലവിളിക്കുകയും ചെയ്തു.എഴുപതിനായിരം പേർ വീണതു കണ്ട യഹോവ തന്റെ വടിയുടെ പ്രവർത്തിക്കായി നിന്ന നാശകദൂതനോട് വാൾ പിൻവലിയ്ക്കുവാൻ കല്പിച്ചു. തുടർന്ന് ഗാദിനെ അയച്ച ഓർന്നാന്റെ(Araunah) കളത്തിൽ യാഗം കഴിയ്ക്കുവാനും ആവശ്യപ്പെട്ടു. യഹോവ ആകാശത്ത് നിന്ന് തീ ഇറക്കി യാഗത്തിൽ പ്രസാദിച്ചു. അങ്ങനെ യഹോ വയുടെ വായ് എന്ന വടി യിസ്രായേലിൽ നിന്ന് നീങ്ങിപ്പോയി.

കുഞ്ഞുങ്ങളേ! വചനം സത്യമാകുന്നു. വചനത്താൽ നമ്മെ ശുദ്ധീകരിപ്പാൻ കൃപാലുവായ ദൈവത്തോട് പ്രാർത്ഥിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. അപ്ര കാരം ന്യായവിധിയിൽ നിന്ന് രക്ഷനേടുക.

## <u>പ്രാർത്ഥന</u>

മഹാദയയുള്ള ദൈവമേ, അഹങ്കരിച്ചാൽ യഹോവയുടെ വായാകുന്ന വടി ഞങ്ങളുടെ നേരെ വരുമെന്ന് പഠിപ്പിച്ചതിന് നന്ദി. പാപബോധത്തോടെ പ്രാർത്ഥിച്ച് രക്ഷ പ്രാപിപ്പാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ

ആമേൻ

**Santhamma Varghese**
Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind